**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **08-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങളെ റവന്യൂ ഭൂമിയിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന ഇരപ്പിൽ ഉന്നതിയിലെ പട്ടികജാതി കുടുംബങ്ങളെ വാസയോഗ്യമായ സമീപത്തെ റവന്യൂ ഭൂമിയിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള അപേക്ഷ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന ഇരപ്പിൽ ഉന്നതിയിലെ പട്ടികജാതി കുടുംബങ്ങളുടെ വീട്ടുകൾ അപകടാവസ്ഥയിൽ ആയതിനാൽ ടി സ്ഥലം വാസയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കുടുംബങ്ങളെ സ്ഥിരമായി മാറ്റി പാർപ്പിക്കുന്നതിന്റെ ഭാഗമായി ഇവരുടെ പേര്, മേൽവിലാസം തുടങ്ങിയ വിശദാംശങ്ങളും ഇവർക്ക് മറ്റെവിടെയും വാസയോഗ്യമായ ഭൂമിയില്ല എന്നുള്ള സത്യവാങ്മൂലവും സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ